**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഏലത്തിന്റെ തറവില വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഏലത്തിന്റെ വില ഇടിവ് മൂലം ഏലം കർഷകർ പ്രതിസന്ധി നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഏലത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2019 ജൂണിൽ കിലോഗ്രാമിന് അയ്യായിരം രൂപ ഉണ്ടായിരുന്ന ഏലത്തിന്റെ വില നിലവിൽ തൊള്ളായിരം രൂപയായി കുറഞ്ഞു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഏലത്തിന് 2019-20 വർഷത്തിൽ കിലോഗ്രാമിന് 2908.50 രൂപയായിരുന്നത് 2020-21 ൽ കിലോഗ്രാമിന് 1513.02 രൂപയായി കുറഞ്ഞിരുന്നു. സ്പൈസസ് ബോർഡിന്റെ കണക്കു പ്രകാരം 2022 ആഗസ്റ്റ് മാസം 25 ആം തീയതിയിലെ ഏലം (ചെറുത്)ന്റെ ശരാശരി വില 919.38 ആണ്. ഇത് ഗൗരവകരമായ പ്രശ്നമാണ് |
| (സി) | ഏലത്തിന് കുറഞ്ഞത് ആയിരത്തി അഞ്ഞൂറ് രൂപ തറവില നിശ്ചയിക്കണം എന്ന കർഷകരുടെ ആവശ്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഏലത്തിന് താങ്ങുവില നിശ്ചയിക്കേണ്ടത് കേന്ദ്രസർക്കാർ ആണ് . ഈ വിഷയം കേരളം ഉന്നയിച്ചിട്ടും അനുകൂല നിലപാട് കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല . |

സെക്ഷൻ ഓഫീസർ